2025
DECEMBER
04
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




## ദേശീയ ഹൈവേകളിൽ സുരക്ഷാ മുന്നറിയിപ്പ്

# ജിയോയുമായി കൈകോർത്ത് എൻ.എച്ച്.എ.ഐ

**കൊച്ചി:** ദേശീയ ഹൈവേകളിൽ ടെലികോം അധിഷ്ഠിത മുന്നറിയിപ്പ് സംവിധാനം ഒരുക്കുന്നതിനായി ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യയും (എൻഎച്ച്എഐ) റിലയൻസ് ജിയോയും തമ്മിൽ ധാരണാപത്രം ഒപ്പുവെച്ചു. യാത്രക്കാർക്ക് മൊബൈൽ ഫോണിൽ നേരിട്ട് സുരക്ഷാ മുന്നറിയിപ്പുകൾ നൽകി ദേശീയപാത യാത്രയിൽ ഒരു വിപ്ലവം സൃഷ്ടിക്കാൻ ലക്ഷ്യമിട്ടുള്ളതാണ് പുതിയ പങ്കാളിത്തം. റോഡരികിലെ മുന്നറിയിപ്പ് ബോർഡുകൾക്ക് വേി ഇനി കണ്ണോടിക്കേണ്ടില്ല. അപകടസാധ്യതയുള്ള സ്ഥലങ്ങളിലേക്ക് പ്രവേശിക്കുന്നതിന് മുൻപ് തന്നെ യാത്രക്കാരുടെ മൊബൈൽ ഫോണിൽ മുന്നറിയിപ്പുകൾ എത്തും. എസ്എംഎസ്, വാട്ട്സ്ആപ്പ് ഹൈപ്രയോറിറ്റി കോളുകൾ എന്നിവ വഴിയാണ് ഈ സുരക്ഷാ സന്ദേശങ്ങൾ യാത്രക്കാരിലേക്ക് എത്തുക.




ഈ സംവിധാനം എൻഎച്ച്എഐയുടെ 'രാജ്മാർഗ് യാത്ര' മൊബൈൽ ആപ്ലിക്കേഷനുമായും 1033 എന്ന എമർജൻസി ഹെൽപ്പ് ലൈൻ നമ്പറുമായും ഘട്ടം ഘട്ടമായി സംയോജിപ്പിക്കും. ഇത് ഒരു ഒറ്റപ്പെട്ട സംവിധാനമായി പ്രവർത്തിക്കാതെ, നിലവിലുള്ള സുരക്ഷാ ശൃംഖലയുടെ ഭാഗമാകും. ഡ്രൈവർമാർക്ക് അപകടസാധ്യതകൾ മുൻകൂട്ടി അറിയാനും വേഗത ക്രമീകരിക്കാനും കൂടുതൽ ജാഗ്രത പാലിക്കാനും ഇത് അവസരം നൽകുന്നു. അതേസമയം പദ്ധതിയുടെ പ്രധാന സവിശേഷതകളിലൊന്ന് ഇതിനായി റോഡരികിൽ പുതിയ ഉപകരണങ്ങളോ ടവറുകളോ സ്ഥാപിക്കേണ്ടില്ല എന്നതാണ്. രാജ്യത്തുടനീളം വ്യാപിച്ചുകിടക്കുന്ന ജിയോയുടെ നിലവിലുള്ള 4ജി, 5ജി ടെലികോം ടവറുകളെയാണ് ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നത്. മുന്നറിയിപ്പ് സംവിധാനം അപകടം പതിവായ സ്ഥലങ്ങളെക്കുറിച്ച് മാത്രമല്ല വിവരം നൽകുന്നത്.

യാത്രയിൽ സാധാരണയായി നേരിടേി വരുന്ന പലതരം പ്രതിസന്ധികളെക്കുറിച്ചും മുന്നറിയിപ്പ് നൽകും. അപകട സാധ്യതയുള്ള സ്ഥലങ്ങൾ, തെരുവ് പശുക്കളുള്ള മേഖലകൾ, മൂടൽമഞ്ഞുള്ള പ്രദേശങ്ങൾ, അടിയന്തര വഴിതിരിച്ചുവിടലുകൾ എന്നിവയെക്കുറിച്ചുമെല്ലാം മുന്നറിയിപ്പ് നൽകും. വലിയ അപകടങ്ങൾ ഒഴിവാക്കുന്നതിനപ്പുറം, ദൈനംദിന യാത്രകളിലെ ചെറിയ തടസ്സങ്ങളെക്കുറിച്ച് പോലും മുൻകൂട്ടി അറിയാൻ ഈ സംവിധാനം സഹായിക്കുമെന്ന് റിലയൻസ് ജിയോ പ്രസിഡന്റ് ജ്യോതീന്ദ്ര താക്കർ അഭിപ്രായപ്പെട്ടു.

പ്രാരംഭഘട്ടത്തിൽ, രാജ്യത്തെ 50 കോടിയിലധികം വരുന്ന ജിയോ ഉപഭോക്താക്കൾക്കാണ് ഈ സേവനം ലഭ്യമാവുക. ഈ സംവിധാനം കൃത്യമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്താൻ, എൻഎച്ച്എഐയുടെ ഏതാനും റീജിയണൽ ഓഫീസുകളുടെ കീഴിൽ ഒരു പൈലറ്റ് പദ്ധതിയായിട്ടായിരിക്കും തുടങ്ങുക. ഈ ഘട്ടത്തിൽ അപകടസാധ്യതയുള്ള മേഖലകൾ തിരിച്ചറിയാനും മുന്നറിയിപ്പുകൾക്കുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കാനും സാധിക്കുമെന്നും ജ്യോതീന്ദ്ര താക്കർ അഭിപ്രായപ്പെട്ടു.

## തിരഞ്ഞെടുപ്പ് ഹരിതചട്ട പാലന ലംഘനം: 46 ലക്ഷത്തിന്റെ പിഴ

**തിരുവനന്തപുരം:** തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ ഹരിതചട്ടം പാലിക്കാതെ നടത്തുന്ന പ്രചാരണപ്രവർത്തനങ്ങൾക്കെതിരെ വിവിധ ജില്ലകളിലായി ഇതുവരെ 6500 കേന്ദ്രങ്ങളിൽ നടത്തിയ പരിശോധനകളിലായി 340 ലംഘനങ്ങൾ കണ്ടെത്തി. ഇതുവരെ, 14 ജില്ലകളിലായി 46 ലക്ഷം രൂപ പിഴയായും ചുമത്തിയിട്ടുണ്ട്. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനുവേണ്ടി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ജില്ലാതല നോഡൽ ഓഫീസർമാരും ശുചിത്വ മിഷനും നടത്തുന്ന പരിശോധനകളിലാണ് ലംഘനങ്ങൾ കണ്ടെത്തി പിഴ ചുമത്തിയിരിക്കുന്നത്. മൊത്തം രണ്ടു ടണ്ണിന്റെ നിരോധിത ഉൽപ്പന്നങ്ങളും, തെർമോക്കോൾ, പ്ലാസ്റ്റിക് എന്നിവ കൊണ്ടുള്ള ഒറ്റത്തവണ ഉപയോഗിക്കുന്ന ഉൽപ്പന്നങ്ങളും, നിരോധിത അലങ്കാര വസ്തുക്കളും ഇതിനോടകം കണ്ടുകെട്ടി.

പിവിസി ഫ്ളക്സുകൾക്ക് പകരം മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമുള്ള പുനരുപയോഗിക്കാവുന്ന പോളി എത്തിലീനും പ്ലാസ്റ്റിക് കലർന്ന നൈലോൺ, പോളിസ്റ്റർ, കൊറിയൻ ക്ലോത്ത് എന്നിവയ്ക്ക് പകരം നൂറ് ശതമാനം കോട്ടൺ തുണിയുമാണ് ബോർഡുകൾക്കും മറ്റുമായി ഉപയോഗിക്കേണ്ടത്. തെർമ്മോക്കോൾ, സൺപാക്ക് ഉൾപ്പെടെയുള്ള നിരോധിത വസ്തുക്കൾ അലങ്കാര ആവശ്യങ്ങൾക്കായി ഒഴിവാക്കി പ്രകൃതി സൗഹൃദവസ്തുക്കൾ മാത്രം ഉപയോഗിക്കണം.

ഭക്ഷണവും വെള്ളവും വിതരണം ചെയ്യുന്ന സാഹചര്യങ്ങളിൽ പ്ലാസ്റ്റിക്, തെർമോക്കോൾ എന്നിവ കൊണ്ടുണ്ടാക്കിയ, ഉപയോഗിച്ച് ഉപേക്ഷിക്കുന്ന കപ്പുകൾക്കും, പാത്രങ്ങൾക്കും പകരം സ്റ്റീലിന്റേയോ സെറാമിക്കിന്റേയോ ബദൽ ഉൽപ്പന്നങ്ങൾ ഉപയോഗിക്കണം. അനുവദനീയമായ എല്ലാത്തരം പ്രചരണവസ്തുക്കളിലും പിവിസി മുക്തമെന്ന ലോഗോയും, പ്രിന്ററുടെ പേരും, ഫോൺ നമ്പറും, ഓർഡർ നമ്പറും നിർബന്ധമായും ഉണ്ടായിരിക്കേണമെന്നും നിർദേശമുണ്ട്. പരിസ്ഥിതി സൗഹൃദ വസ്തുക്കളുടെ വ്യാജനിർമ്മിതിയും, വിൽപ്പനയും തടയുന്നതിലേക്കാണ് ഈ നടപടി. ഹരിതചട്ടം ലംഘിക്കപ്പെടുന്നുവെന്ന് കണ്ടാൽ പൊതുജനങ്ങൾക്കും 9446700800 എന്ന് വാട്സപ്പ് നമ്പറിലേക്ക് തെളിവ് സഹിതം പരാതിപ്പെടാം.

# ഇന്ത്യ–മാലദ്വീപ് സംയുക്ത സൈനികാഭ്യാസം 'എകുവേറിൻ' കേരളത്തിൽ ആരംഭിച്ചു

**തിരുവനന്തപുരം:** ഇന്ത്യൻ സൈന്യവും മാലദ്വീപ് ദേശീയ പ്രതിരോധ സേനയും (MNDF) തമ്മിലുള്ള 'എകുവേറിൻ' സംയുക്ത സൈനികാഭ്യാസം തിരുവനന്തപുരത്ത തുടങ്ങി. ഡിസംബർ രണ്ട് മുതൽ 15 വരെയാണ് സൈനിക അഭ്യാസം നടക്കുന്നത്. ഗഢ്വാൾ റൈഫിൾസിന്റെ ഒരു ബറ്റാലിയൻ പ്രതിനിധീകരിക്കുന്ന 45 പേരടങ്ങുന്ന ഇന്ത്യൻ ആർമി സംഘമാണ് എം.എൻ.ഡി.എഫ് പ്രതിനിധീകരിക്കുന്ന തുല്യ ശക്തിയുള്ള മാലദ്വീപ് സംഘത്തോടൊപ്പം ഈ അഭ്യാസത്തിൽ പങ്കെടുക്കുന്നത്. രണ്ടാഴ്ച നീണ്ടുനിൽക്കുന്ന ഈ അഭ്യാസം വനപ്രദേശങ്ങൾ, അർദ്ധ നഗരപ്രദേശങ്ങൾ, തീരപ്രദേശങ്ങൾ എന്നിവിടങ്ങളിലെ കലാപ ഭീകര വിരുദ്ധ പ്രവർത്തനങ്ങളിലെ പരസ്പര പ്രവർത്തനക്ഷമതയും തന്ത്രപരമായ ഏകോപനവും വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു.







മേഖലയിലെ പൊതുവായ സുരക്ഷാ വെല്ലുവിളികളെ നേരിടാനുള്ള കഴിവ് ശക്തിപ്പെടുത്തുന്നതിനായി മികച്ച രീതികൾ, തന്ത്രപരമായ അഭ്യാസങ്ങൾ, സംയുക്ത പ്രവർത്തന ആസൂത്രണം എന്നിവ പങ്കിടുന്ന ഇരുവശത്തുനിന്നുമുള്ള സൈനികരുടെ പങ്കാളിത്തത്തിന് അഭ്യാസം സാക്ഷ്യം വഹിക്കും. ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ പ്രാദേശിക സമാധാനത്തിനും സുസ്ഥിരതയ്ക്കും വേണ്ടിയുള്ള ഇന്ത്യയുടേയും മാലദ്വീപിന്റേയും വർദ്ധിച്ചുവരുന്ന പ്രതിരോധ സഹകരണത്തേയും പരസ്പര പ്രതിബദ്ധതയേയും ഈ അഭ്യാസം പ്രതിഫലിപ്പിക്കുന്നു.

എകുവേറിൻ എന്ന ദിവേഹി (മാലദ്വീപിലെ ഭാഷ) പദത്തിന് സുഹൃത്തുക്കൾ എന്നാണ് അർത്ഥം. ഇത് ഇരു രാജ്യങ്ങളും തമ്മിലുള്ള സൗഹൃദം, പരസ്പര വിശ്വാസം, സൈനിക സഹകരണം എന്നിവയുടെ ആഴത്തിൽ വേരൂന്നിയ ബന്ധത്തിന് അടിവരയിടുന്നു. 2009 മുതൽ ഇരു രാജ്യങ്ങളിലും മാറിമാറി നടത്തി വരുന്ന എകുവേറിൻ അഭ്യാസം, ഇന്ത്യയുടെ 'അയൽക്കാർ ആദ്യം' എന്ന നയത്തിന്റെയും സൗഹൃദ രാജ്യങ്ങളുമായി ശാശ്വത പ്രതിരോധ പങ്കാളിത്തം സ്ഥാപിക്കുന്നതിനുള്ള ഇന്ത്യയുടെ പ്രതിബദ്ധതയാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്.

## എസ്.ഐ.ആർ: കൊച്ചി, തൃപ്പൂണിത്തുറ മണ്ഡലങ്ങൾ ലക്ഷ്യത്തിലേക്ക്

**കൊച്ചി:** സമഗ്ര വോട്ടർ പട്ടിക പരിഷ്കരണം സംബന്ധിച്ച എന്യുമറേഷൻ ഫോമുകൾ വിതരണം ചെയ്തതിൽ കൊച്ചി നിയമസഭാ മണ്ഡലത്തിൽ 74 ശതമാനവും തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിൽ 70 ശതമാനവും ഫോമുകൾ പൂരിപ്പിച്ചു ബി.എൽ.ഒ മാർക്ക് തിരികെ ലഭിച്ചിട്ടുള്ളതായി ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ (കൊച്ചി) കൂടിയായ സബ് കളക്ടർ അറിയിച്ചു. ഇനി കൊച്ചി 26 ശതമാനവും തൃപ്പൂണിത്തുറ 30 ശതമാനവും ഫോമുകൾ ആണ് വോട്ടർമാരിൽ നിന്നും തിരികെ ലഭിക്കേണ്ടത്.

ഇനിയും ഫോമുകൾ പൂരിപ്പിച്ച് തിരികെ നൽകാനുള്ള എല്ലാ വോട്ടർമാരും അവ പൂരിപ്പിച്ച് ഏറ്റവും അടുത്ത ദിവസം തന്നെ തങ്ങളുടെ ബി. എൽ. ഒമാരെ ഏൽപ്പിക്കണമെന്ന് ഇ.ആർ.ഒ അറിയിച്ചു. ഓരോരുത്തരും സ്വന്തം വോട്ടവകാശം സംരക്ഷിക്കുന്നതിനായി എന്യുമറേഷൻ ഫോമുകളിൽ എത്രയുംവേഗം വിവരങ്ങൾ പൂരിപ്പിച്ച് നൽകി നടപടികൾ കൃത്യമായി പൂർത്തിയാക്കുന്നതിന് ബി.എൽ.ഒ മാരെ സഹായിക്കണമെന്നും ഇ.ആർ.ഒ അഭ്യർഥിച്ചു.

## മറൈൻ ഡ്രൈവ് വാക് വേ: പരാതികൾ അറിയിക്കാൻ പുതിയ സംവിധാനം

**കൊച്ചി:** മറൈൻ ഡ്രൈവ് വാക് വേയുടെ പരിപാലനവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി പുതിയ വാട്ട്സാപ്പ് നമ്പറും ഇമെയിൽ വിലാസവും നിലവിൽ വന്നു. പരാതികൾ അറിയിക്കേണ്ടത്: വാട്ട്സാപ്പ് നമ്പർ-9446545340, ഇമെയിൽ വിലാസം: marinedrivewalkway@gmail.com. പൊതുജനങ്ങൾക്ക് ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണെന്ന് മറൈൻ ഡ്രൈവ് മോണിറ്ററിങ് കമ്മിറ്റിയുടെ നോഡൽ ഓഫീസർ അറിയിച്ചു.

## ഓറഞ്ച് ദ വേൾഡ് കാമ്പയിൻ: പരിശീലനപരിപാടി സംഘടിപ്പിച്ചു

**ആലപ്പുഴ:** ജില്ലാ വനിതാ ശിശു വികസന ഓഫീസും ഡിസ്ട്രിക്റ്റ് സങ്കൽപ്പ് ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമനും സംയുക്തമായി ഓറഞ്ച് ദ വേൾഡ് കാമ്പയിന്റെ ഭാഗമായി ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. ആലപ്പുഴ ജെൻഡർ പാർക്ക് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി ജില്ലാ വനിത ശിശു വികസന ഓഫീസർ വി എസ് ഷിംന ഉദ്ഘാടനം ചെയ്തു.

ഗാർഹിക പീഡനങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്നതിനുള്ള നിയമം 2005, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള സൈബർ അതിക്രമങ്ങൾ, തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരിടുന്ന ലൈംഗിക അതിക്രമം (തടയൽ, നിരോധിക്കൽ, പരിഹാരം) നിയമം 2013, ശൈശവ വിവാഹനിരോധന നിയമം 2006 എന്നീ വിഷയങ്ങളെ സംബന്ധിച്ച പരിശീലന പരിപാടിക്ക് വനിതാ സംരക്ഷണ ഓഫീസർ മായ എസ് പണിക്കർ, സൈബർ സെൽ എ എസ് ഐ ശാന്തകുമാർ, പോഷ് ആക്ട് കമ്മിറ്റി അംഗം അഡ്വ. ലിന്റ സെബാസ്റ്റ്യൻ, പോഷ് ആക്ട് കമ്മറ്റി ചെയർപേഴ്സൺ അഡ്വ. സീമ രവീന്ദ്രൻ എന്നിവർ നേതൃത്വം നൽകി.

പരിപാടിയിൽ ആലപ്പുഴ ജില്ലാതല ഐ.സി.ഡി.എസ് സെൽ പ്രോഗ്രാം ഓഫീസർ ജെ. മായാലക്ഷ്മി അധ്യക്ഷയായി. ജില്ലാ വനിതാ ശിശു വികസന ഓഫീസ് ജൂനിയർ സൂപ്രണ്ട് പി. ഷീബ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ വി. ആർ രാജേഷ് കുമാർ, ഡിസ്ട്രിക്ട് സങ്കൽപ്പ് ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൻ ജില്ലാ കോ-ഓർഡിനേറ്റർ സിജോയ് തോമസ്, ആലപ്പുഴ അർബൻ ഐ.സി.ഡി.എസ് സൂപ്പർവൈസർ അഞ്ജു അരുമനായകൻ തുടങ്ങിയവർ പങ്കെടുത്തു.

## എസ്.ഐ.ആർ കയാക്കിങ് ഫെസ്റ്റ് 5 ന്

**ആലപ്പുഴ:** തീവ്രവോട്ടർ പട്ടിക പരിഷ്കരണത്തിന്റെ (എസ്.ഐ.ആർ) പ്രചാരണാർഥം ജില്ലയിൽ 'എസ് ഐ ആർ കയാക്കിങ് ഫെസ്റ്റ്' സംഘടിപ്പിക്കുന്നു. ഡിസംബർ അഞ്ചിന് വൈകിട്ട് നാല് മണിക്ക് ആലപ്പുഴ ചുങ്കം ജെട്ടിയിൽ നിന്ന് ആരംഭിക്കുന്ന ഫെസ്റ്റ് ജില്ലാ കളക്ടർ അലക്സ് വർഗീസ് ഫ് ളാഗ് ഓഫ് ചെയ്യും. പള്ളാത്തുരുത്തി വരെയാണ് കയാക്കിങ് ബോട്ടുകളുടെ പ്രദർശന തുഴയൽ സംഘടിപ്പിക്കുന്നത്. ജില്ലാ തിരഞ്ഞെടുപ്പ് വിഭാഗം, ജില്ലാ സ്വീപ് സെൽ, ജില്ലാ ഇലക്ടറൽ ലിറ്ററസി ക്ലബ്, ടൂറിസം വകുപ്പ്, സായി വാട്ടർ സ്പോട്സ് സെന്റർ തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഫെസ്റ്റിൽ സായി സ്പോർട്സ് സെന്ററിലെ കായിക താരങ്ങൾ, ജില്ലയിലെ ബി.എൽ.ഒ മാർ, സ്കൂൾ വിദ്യാർഥികൾ, വിവിധ വകുപ്പുകളിലെ ജീവനക്കാർ എന്നിവർ പങ്കെടുക്കും. ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന കയാക്കിങ് ഫെസ്റ്റ് കൂടിയാലോചന യോഗത്തിൽ ജില്ലാ കളക്ടർ അലക്സ് വർഗീസ്, തിരഞ്ഞെടുപ്പ് ഡെപ്യൂട്ടി. കളക്ടർ എസ്. ബിജു, ഡി.ടി.പി.സി, സ്പോട്സ് കൗൺസിൽ, സായ് സ്പോർട്സ് സെന്റർ പ്രതിനിധികൾ, കേരള കയാക്കിങ് കനോയിങ് അസോസിയേഷൻ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

# അരനൂറ്റാണ്ട് പോയതറിഞ്ഞില്ല; അവർ വീണ്ടും ഒത്തു ചേർന്നു



**തൃപ്പൂണിത്തുറ:** തൃപ്പൂണിത്തുറ ബോയ്സ് ഹൈസ്കൂളിലെ 1975 ബാച്ച് പത്താം തരം വിദ്യാർഥികൾ പൂർവ്വ വിദ്യാർഥി സംഗമം നടത്തി. അരനൂറ്റാണ്ടിന് ശേഷം അതേ സ്കൂളിലെ ക്ലാസ് മുറിയിൽ അതേ അധ്യാപകരുടെ ശിക്ഷണത്തിൽ ക്ലാസ് അരങ്ങേറി. 91 വയസ്സ് പൂർത്തിയാക്കിയ സയൻസ് അധ്യാപിക രാധാമണി ടീച്ചർ പ്രായാധിക്യം വകവെക്കാതെ സ്കൂളിൽ വന്ന് 65 വയസ്സായ കുട്ടികൾക്ക് ക്ലാസെടുത്തത് കൗതുകമായി.

ഇന്ത്യക്ക് പുറത്തുള്ള പൂർവ്വ വിദ്യാർഥികൾ ഉൾപ്പെടെ സംഗമത്തിൽ പങ്കെടുത്തു. അൻപത് വർഷങ്ങൾക്ക് മുമ്പ് നടന്ന സംഭവങ്ങൾ പലതും ഇന്നലെ എന്നപോലെ പലരും ഓർത്തെടുത്ത് പങ്കുവെച്ചത് കഴിഞ്ഞ കാലത്തിലേക്കുള്ള തിരിച്ച് പോക്കു കൂടിയായി എല്ലാവർക്കും മാറി.

പത്താംക്ലാസ് ഇ ഇംഗ്ലീഷ് മീഡിയം ബാച്ചിൽ 30 കുട്ടികളുണ്ടായിരുന്നതിൽ ജീവിച്ചിരിക്കുന്ന 25ൽ 21 പേരും സംഗമത്തിൽ പങ്കെടുത്തു. ആശയവിനിമയ സൗകര്യമില്ലാതിരുന്ന കാലത്ത് പഠിച്ചിറങ്ങിയ വിദ്യാർഥികളെ കണ്ടെത്തി ഒരുമിപ്പിക്കാനായത് മികവായി. ഹൈസ്കൂൾ ഹെസ്മിസ്ട്രസ് ഷീനാ പോൾ നൽകിയ സഹകരണമാണ് സംഗമം വിജയിപ്പിക്കാൻ സഹായിച്ചതെന്ന് പൂർവ്വ വിദ്യാർഥികൾ പറഞ്ഞു. സംഗമത്തിന് ശേഷം സ്കൂളിലെ എൻ.എസ്.എസ് വിദ്യാർഥികൾ പൂർവ്വ വിദ്യാർഥികളുമായി സംവദിച്ചു.

# ക്രിസ്തുമസ് മരത്തെ പ്രഭയണിയിച്ച് ആശ്വാസ ഭവനിലെ കുട്ടികൾ



**കൊച്ചി:** ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങളോടനുബന്ധിച്ച് ക്രൗൺ പ്ലാസ കൊച്ചിയിലെ ക്രിസ്തുമസ് മരത്തിന് ലൈറ്റ് തെളിയിക്കുന്ന ചടങ്ങ് വർണാഭമായി ആഘോഷിച്ചു. മട്ടാഞ്ചേരിയിലെ ആശ്വാസഭവനിലെ കുട്ടികളെ പ്രത്യേകം ക്ഷണിച്ചുകൊണ്ട് നടത്തിയ ചടങ്ങിൽ മുഖ്യാതിഥിയായ മിലാൻ ഡിസൈൻസ് സിഇഒ ഷേർലി റെജിമോൻ ക്രിസ്തുമസ് മരത്തിലെ വർണസംവിധാനം സ്വിച്ച് ഓൺ ചെയ്തു. മുൻപ് നടന്ന കേക്ക് മിക്സിങ് ചടങ്ങിനിടെ, ക്രൗൺ പ്ലാസ കൊച്ചി ഇക്കൊല്ലം ക്രിസ്തുമസിന് പുറത്തിറക്കുന്ന പ്ലം കേക്കിന്റെ ആദ്യത്തെ ബാച്ച് ഈ കുട്ടികൾക്ക് നൽകുമെന്ന് വാഗ്ദാനം കൂടി അധികൃതർ ചടങ്ങിൽ നിറവേറ്റി. ഒപ്പം, കുട്ടികൾക്ക് പ്രത്യേക സമ്മാനങ്ങളും നൽകി. കെജിഎ ഗ്രൂപ്പ് ഓഫ് കമ്പനീസ് ഡയറക്ടർ ബെൻസൺ എബ്രഹാമും പരിപാടിയുടെ ഭാഗമായി.

സന്തോഷവും, സ്നേഹവും, ആഘോഷങ്ങളും നിറഞ്ഞ ഒരു സീസണിന്റെ തുടക്കമാണ് ഈ വാർഷിക ട്രീ ലൈറ്റിംഗ് ചടങ്ങെന്ന് ക്രൗൺ പ്ലാസ കൊച്ചി ഹോട്ടലിന്റെ ജനറൽ മാനേജരായ ദിനേശ് റായ് പറഞ്ഞു. അതിലേക്കായി പ്രത്യേക വിഭവങ്ങളുള്ള മെനുവും രുചികരമായ പ്ലം കേക്കുകളും ഒരുക്കിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പ്രത്യേക ആവശ്യകതകളുള്ള കുട്ടികളുടെ പരിചരണത്തിനായി പ്രവർത്തിക്കുന്ന രക്ഷ സൊസൈറ്റിയിലെ കുട്ടികൾ നിർമ്മിച്ച വൈവിധ്യമാർന്ന അലങ്കാരങ്ങളാൽ മനോഹരമായിരുന്നു ചടങ്ങ്.

ചോയ്സ് സ്കൂളിലെ കുട്ടികളുടെ മനോഹരമായ ഗാനാലാപനത്തോടെയാണ് പരിപാടികൾ തുടങ്ങിയത്. തുടർന്ന് ജിഞ്ചർബ്രഡ് ഹൗസ്, ക്രിസ്മസ് പുഷ്പാലങ്കാര നിർമാണം, തുടങ്ങി ക്രിസ്മസ് പാരമ്പര്യത്തോടനുബന്ധിച്ചുള്ള നിരവധി ആഘോഷപരിപാടികളും ഹോട്ടലിൽ നടന്നു.കുട്ടികൾക്കൊപ്പം പ്രമുഖ താരങ്ങൾ, ഇൻഫ്ളുവൻസർമാർ, ബിസിനസുകാർ എന്നിവരും പരിപാടികളിൽ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ആവണി ആരോഗ്യവതിയായി ; സ്നേഹനിർഭര യാത്രയയപ്പ് നൽകി ആശുപത്രി ജീവനക്കാർ

**കൊച്ചി:** വിവാഹ ദിനത്തിൽ അപ്രതീക്ഷിതമായി കടന്നെത്തിയ അപകടത്തെ തുടർന്ന് അതീവ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ആവണി ആരോഗ്യവതിയായി വീട്ടിലേക്ക് മടങ്ങി. വിവാഹത്തിന് മേയ്ക്കപ്പ് ചെയ്യാനുള്ള യാത്രക്കിടെയുണ്ടായ അപകടത്തെ തുടർന്ന് എറണാകുളം ലേക്ഷോർ ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ പ്രവേശിപ്പിക്കപ്പെട്ട ആവണിയുടെ കഴുത്തിൽ നിശ്ചയിച്ച മുഹൂർത്തത്തിൽ തന്നെ വരൻ ഷാരോൺ മിന്നു ചാർത്തി. 12 ദിവസത്തെ ചികിൽസയ്ക്ക് ശേഷം ആവണി ഇന്നലെ ആശുപത്രിവിട്ടു. ആപത്തുകൾക്ക് തോൽപ്പിക്കാനാകാത്ത പ്രണയം ഹൃദയത്തിലേറ്റിയ പ്രിയപ്പെട്ടവൻ ഷാരോൺ അവളുടെ കൈകൾ മുറുകെ പിടിച്ചപ്പോൾ ആർദ്രമായ സ്നേഹത്തിന്റെ മറ്റൊരു മനോഹര മുഹൂർത്തത്തിന് കൂടി വി.പി.എസ് ലേക്ഷോർ സാക്ഷ്യം വഹിച്ചു.



ആവണിയുടെ മാതാപിതാക്കളായ എം. ജഗദീഷ്, ജ്യോതി, സഹോദരൻ അതുൽ, ഭർതൃസഹോദരൻ റോഷൻ എന്നിവരും ആശുപത്രി അധികൃതരോട് നന്ദി പറഞ്ഞ് ഒപ്പമുണ്ടായിരുന്നു. ആവണിയുടെ കൊമ്മാടിയിലെ വീട്ടിലേക്കാണ് ആശുപത്രിയിൽ നിന്ന് മടങ്ങിയത്. എറണാകുളം വി.പി.എസ് ലേക്ഷോർ മാനേജിങ് ഡയറക്ടർ എസ്.കെ. അബ്ദുള്ള പൂച്ചെണ്ട് നൽകി ആശംസകൾ അറിയിച്ചാണ് ആവണിയെ യാത്രയാക്കിയത്. ആവണിക്കും ഭർത്താവ് ഷാരോണിനും മനോഹരമായ ഭാവി ജീവിതം ആശംസിച്ച് യാത്രയാക്കാൻ വി.പി.എസ് ലേക്ഷോർ കോർപറേറ്റ് കമ്യൂണിക്കേഷൻ മാനേജർ ടി. അനിൽകുമാർ, സി.എൻ.ഒ പത്മാവതി തുടങ്ങിയവർ സന്നിഹിതരായിരുന്നു.


'ചേർത്തു പിടിച്ചവരോട് പറഞ്ഞാൽ തീരാത്ത നന്ദി. വി.പി.എസ് ലേക്ഷോറിലെ ഡോക്ടർമാരോടും മറ്റെല്ലാവരോടും തീർത്താൽ തീരാത്ത കടപ്പാടുണ്ടായിരിക്കും' വിധിയെ അതിജയിക്കാൻ പ്രാർഥനയും പിന്തുണയുമായി കൂടെ നിന്നവരെ സാക്ഷിയാക്കി ആവണി ഒരിക്കൽ കൂടി പറഞ്ഞു. ന്യൂറോ സർജറി വിഭാഗം തലവൻ ഡോ. സുദീഷ് കരുണാകരന്റെ നേതൃത്വത്തിലായിരുന്നു ചികിത്സ. ആവണിയുടെ ചികിത്സ ചെലവ് വി.പി.എസ് ലേക്ഷോർ ചെയർമാൻ ഡോ. ഷംഷീർ വയലിൽ പൂർണമായും സൗജന്യമാക്കിയിരുന്നു.എല്ലാവരോടും ഒരു പാട് നന്ദിയുണ്ടെന്ന് ആവണി മാധ്യമങ്ങളോട് പറഞ്ഞു.

താൻ അറിയാത്തവരടക്കം ഒരുപാട് പേരുടെ പ്രാർഥനകളും പിന്തുണയും ലഭിച്ചു. ലോകത്തിന്റെ പലഭാഗങ്ങളിൽ നിന്നുള്ളവരും വ്യത്യസ്ഥ ഭാഷകളിലുള്ള ആളുകളും അക്കൂട്ടത്തിലുണ്ടെന്നും ആവണി പറഞ്ഞു. വി.പി.എസ് ലേക്ഷോറിലെ ഓരോ ഡിപ്പാർട്ടുമെന്റുകളിലെയും ആളുകൾ നൽകിയ പിന്തുണ വിലമതിക്കാനാകാത്തതാണെന്ന് ഷാരോൺ വ്യക്തമാക്കി. ആരോഗ്യകാര്യങ്ങൾക്കാണ് ആദ്യ പരിഗണന, ശേഷം വിവാഹ റിസപ്ഷൻ ചടങ്ങുകളെന്തെങ്കിലും നടത്തണമെന്ന് ആഗ്രഹമുണ്ടെന്നും ഇരുവരും പ്രതികരിച്ചു.

ഇക്കഴിഞ്ഞ നവംബർ 21ന് പുലർച്ചെ വിവാഹ മേയ്ക്കപ്പ് ചെയ്യാനുള്ള യാത്രക്കിടെ കുമരകത്ത് വെച്ചുണ്ടായ അപകടത്തിൽ ഗുരുതര പരിക്കേറ്റ ആലപ്പുഴ കൊമ്മാടി മുത്തലശ്ശേരി വീട്ടിൽ എം. ജഗദീഷ് ജ്യോതി ദമ്പതികളുടെ മകളും ചേർത്തല ബിഷപ്പ് മൂർ സ്കൂൾ അധ്യാപികയുമായ ജെ. ആവണിയെ തുമ്പോളി വളപ്പിൽ വീട്ടിൽ മനുമോൻ, രശ്മി ദമ്പതികളുടെ മകനും ചേർത്തല കെ.വി.എം കോളജ് ഓഫ് എഞ്ചിനിയറിങ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജിയിലെ അസി. പ്രഫസറുമായ വി.എം. ഷാരോൺ വി.പി.എസ് ലേക്ഷോറിലെ അത്യാഹിത വിഭാഗത്തിൽ വെച്ചാണ് താലികെട്ടിയത്. അന്ന് ഉച്ചക്ക് 12.15നും 12.30നും ഇടയിലുള്ള മുഹൂർത്തത്തിൽ ആലപ്പുഴ തുമ്പോളിയിലായിരുന്നു വിവാഹം തീരുമാനിച്ചിരുന്നത്. അപകടത്തിൽ ഗുരുതര പരിക്കേറ്റതോടെ ആവണിയെ വിദഗ്ധ ചികിത്സക്ക് വി.പി.എസ് ലേക്ഷോറിൽ എത്തിച്ചപ്പോഴായിരുന്നു കുടുംബത്തിന്റെ ആഗ്രഹപ്രകാരം മുൻനിശ്ചയിച്ച മുഹൂർത്തത്തിൽ തന്നെ ആശുപത്രി വിവാഹം നടത്താൻ സൗകര്യമൊരുക്കിയത്.

# ബീവറേജ് ഔട്ട്ലെറ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കണം

**കൊച്ചി:** തിരഞ്ഞെടുപ്പ് മുന്നിൽകണ്ട് അനധികൃത വിൽപ്പനയ്ക്കായി ബീവറേജസ് ഔട്ട്ലെറ്റുകളിൽ നിന്നും കെയ്സുകണക്കിന് മദ്യം ശേഖരിക്കുന്ന സംഘം സജീവമാണെന്ന് ശിവസേന സംസ്ഥാന സെക്രട്ടറി ടി.ആർ ദേവൻ പറഞ്ഞു. എറണാകുളം ജില്ലയിലെ ഉൾപ്രദേശങ്ങളിലെ ബീവറേജസ് ഷോപ്പുകളിലെ ജീവനക്കാരുമായി ചേർന്നാണ് പ്രാദേശിക അനധികൃത വിൽപ്പനക്കാർ മദ്യം ശേഖരിച്ചുവരുന്നത്. ഇലക്ഷനോടനുബന്ധിച്ച് പ്രഖ്യാപിക്കപ്പെടുന്ന ഡ്രൈഡേയാണ് ഇവരുടെ ലക്ഷ്യം.



പെരുമ്പാവൂരിനടുത്ത് ഓടക്കാലി പയ്യാലിലെ വിൽപ്പനശാലയിൽ ഇത്തരത്തിൽ വ്യാപകമായ വിൽപ്പന നടക്കുന്നതായിപരാതിയുണ്ട്. തീർത്തും ഉൾപ്രദേശമായതിനാലും മറ്റ് ഷോപ്പുകളെ അപേക്ഷിച്ച് താരതമ്യേന തിരക്ക് കുറവായതിനാലും ജില്ലയിലെ വിവിധ മേഖലകളിൽ നിന്നുള്ള വിൽപ്പനക്കാർ ഇവിടെയെത്തി മദ്യം ശേഖരിക്കുന്നുണ്ട്. പ്രായപൂർത്തിയായ ഒരാൾക്ക് കൈവശം 3 ലിറ്റർ മദ്യം സൂക്ഷിക്കാനാണ് നിയമം അനുവദിക്കുന്നത്. എന്നാൽ നിയമം കാറ്റിൽ പറത്തിയാണ് ഇവിടെ വിൽപ്പന പൊടിപൊടിക്കുന്നത്. ഒരാൾ കൂടുതൽ മദ്യം വാങ്ങിയാൽ ബില്ലിൽ തിരിമറി നടത്തിയാണ് വിൽപ്പന.

സ്വകാര്യ മദ്യനിർമാണ, വിതരണകമ്പനികളുടെ റെപ്രസെന്റേറ്റീവുമാരാണ് മദ്യം ഹോൾസെയിലായി നൽകുന്ന വിവരത്തിന്റെ പ്രചാരകർ. കമ്പനി മാസ വിൽപ്പനയുടെ ഭാഗമായി നൽകുന്ന ഇൻസെന്റീവാണ് ഇവരുടെ ലക്ഷ്യം. അവരുടെ പേരിൽ ഷോപ്പിലെത്തി ക്യൂവിൽ നിൽക്കാതെ കെയ്സുകണക്കിന് മദ്യമാണ് കടത്തുന്നത്.

തിരഞ്ഞെടുപ്പ് ചൂട് പിടിക്കും മുമ്പെ പരമാവധി സ്റ്റോക്ക് ചെയ്യുകയാണ് ലക്ഷ്യം. മോട്ടത്തുപാറ, വടക്കുംഭാഗം, തുരുത്തി, നാഗഞ്ചേരി, കോട്ടപ്പടി, പ്ളാമുടി, ഉപ്പുകണ്ടം, അരുവപ്പാടം മേഖലകളിലേയ്ക്ക് നേരത്തെ തന്നെവ്യാപകമായി വൻതോതിൽ മദ്യം കടത്തുന്നുണ്ടെന്ന പരാതി നിലനിൽക്കെയാണ് ഡ്രൈ ഡേ മുന്നിൽകണ്ട് അളവിൽ കവിഞ്ഞ് മദ്യശേഖരണം നടത്തുന്നത്. ജില്ലയിലെ തിരഞ്ഞെടുപ്പ് സ്ക്വാഡ് സജീവമാകണമെന്നും ബീവറേജ് ഔട്ട്ലെറ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കണമെന്നും, അനധികൃത മദ്യശേഖരം കണ്ടെത്തി നശിപ്പിക്കണമെന്നും ടി.ആർ.ദേവൻ ആവശ്യപ്പെട്ടു.

# അബ്രമോവിച്ച് മെത്തേഡ് വർക്ക്ഷോപ്പ് : അപേക്ഷകൾ ക്ഷണിച്ച് കെ.ബി.എഫ്

**കൊച്ചി:** കൊച്ചി മുസിരിസ് ബിനാലെയുടെ ഭാഗമായി കെ.ബി.എഫ് സംഘടിപ്പിക്കുന്ന അബ്രമോവിച്ച് മെത്തേഡ് (പ്രകടന കലയെയും ദൃശ്യകലയെയും അടിസ്ഥാനമാക്കിയുള്ളവ) വർക്ക്ഷോപ്പിനായി അപേക്ഷകൾ ക്ഷണിച്ചു. എബിസി ആർട്ട് റൂം പരിപാടിയുമായി ചേർന്ന്, ഡിസംബർ 8 ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 6 മണി വരെ മട്ടാഞ്ചേരിയിലെ ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് കെട്ടിടത്തിലാണ് പരിപാടി നടക്കുന്നത്.

കലാകാരന്മാർക്കും പ്രകടന കലയിൽ താൽപ്പര്യമുള്ള വിദ്യാർത്ഥികൾക്കും ഈ വർക്ക്ഷോപ്പിൽ പങ്കെടുക്കാം. സീറ്റുകൾ പരിമിതമായതിനാൽ അപേക്ഷകളുടെ അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പ്. മറീന അബ്രമോവിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ (എംഎഐ) ക്യൂറേറ്ററായ ബില്ലി ഷാവോയാണ് പരിശീലന കളരിക്ക് നേതൃത്വം നൽകുന്നത്.

ന്യൂയോർക്ക് ആസ്ഥാനമായുള്ള എഴുത്തുകാരനും, ഗവേഷകനുമാണ് ബില്ലി ഷാവോ. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർക്ക് ബിനാലെയുടെ ഇൻസ്റ്റാഗ്രാം ബയോ, വെബ്സൈറ്റ് (www.kochimuzirisbiennale.org) എന്നിവയിലുള്ള ഗൂഗിൾ ഫോം വഴിഅപേക്ഷകൾ അയയ്ക്കാവുന്നതാണ്.

# ഭിന്നശേഷിക്കാർക്കായി സങ്കൽപ്പ് സഹയാത്ര നടത്തി



**കൊച്ചി:** ലോക ഭിന്നശേഷി ദിനാചരണത്തിന്റെ ഭാഗമായി കൊച്ചിൻ മിഡ്ടൗൺ റോട്ടറി ക്ലബ്ബും മുത്തൂറ്റ് ഫിനാൻസും സംയുക്തമായി ഭിന്നശേഷികാരായ കുട്ടികൾക്കായി 'സങ്കൽപ്പ് സഹയാത്ര' നടത്തി. തൃപ്പൂണിത്തുറ മെട്രോ സ്റ്റേഷനിൽ നിന്നാരംഭിച്ച യാത്ര ജില്ലാ കളക്ടർ ജി. പ്രിയങ്ക ഫ് ളാഗ് ഓഫ് ചെയ്തു. മുത്തൂറ്റ് ഫിനാൻസ് പി.ആർ ആൻഡ് സി.എസ്.ആർ മേധാവി രോഹിത് രാജ്, കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് മാനേജർ കെ.എസ് സിമി , റോട്ടറി ജില്ലാ ഗവർണർ റൊട്ടേറിയൻ ഡോക്ടർ ജി.എൻ രമേശ്, പ്രോജക്ട് ചെയർമാൻ റോട്ടേറിയൻ കെ.കെ ജോർജ്, കൊച്ചിൻ മിഡ്ടൗൺ റോട്ടറി പ്രസിഡന്റ് ഗോപകുമാർ, ജനറൽ കൺവീനറും പാസ്റ്റ് ഡിസ്ട്രിക്ട് ഗവർണറുമായ റോട്ടേറിയൻ കെ. ബാബു ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.

144 ഓട്ടിസ്റ്റിക് കുട്ടികൾ, 29 അധ്യാപകർ, മുത്തൂറ്റ് ഫിനാൻസിന്റെയും റോട്ടറി ക്ലബ്ബിന്റെയും പ്രതിനിധികൾ എന്നിവർ ഉൾപ്പടെ 200 ഓളം പേർ കൊച്ചി മെട്രോയിൽ തൃപ്പൂണിത്തുറ മുതൽ ആലുവ വരെയും തിരിച്ചും യാത്ര നടത്തി. കുട്ടികൾക്കുള്ള ഉച്ചഭക്ഷണവും ടീ ഷർട്ടും തൊപ്പിയും മറ്റും മുത്തൂറ്റ് ഫിനാൻസ് സി.എസ്.ആറിന്റെ ഭാഗമായി നൽകി.സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളും അവരുടെ മാതാപിതാക്കളും കൂടുതൽ പരിഗണന അർഹിക്കുന്നവർ ആണെന്ന വസ്തുത പൊതുബോധ്യത്തിൽ എത്തിക്കാനും അതുവഴി ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കൂടുതൽ സൗര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് ഈ യാത്ര സംഘടിപ്പിച്ചത്.

# അന്താരാഷ്ട്ര ഭിന്നശേഷി ദിനാഘോഷം: 'ഉണർവ് 2025' സംഘടിപ്പിച്ചു



**ആലപ്പുഴ:** ജില്ലാ സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര ഭിന്നശേഷി ദിനാഘോഷം 'ഉണർവ് 2025' സംഘടിപ്പിച്ചു. കയർ ക്രാഫ്റ്റ് കൺവെൻഷൻ സെന്ററിൽ നടന്ന പരിപാടി ജില്ലാ കളക്ടർ അലക്സ് വർഗീസ് ഉദ്ഘാടനം ചെയ്തു. ജില്ലാ നിയമസേവന അതോറിറ്റി, കേരള പൊലീസ് അസോസിയേഷൻ, കേരള പൊലീസ് ഓഫീസേഴ്സ് അസോസിയേഷൻ, ജില്ലാ പൊലീസ് സഹകരണ സംഘം, റോട്ടറി ക്ലബ് ഹരിപ്പാട് എന്നിവരുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. ചടങ്ങിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർ വി. അശ്വതി അധ്യക്ഷയായി. എ.ഡി.എം ആശാ സി. എബ്രഹാം പതാക ഉയർത്തി.

സിവിൽ ജഡ്ജ് ആൻഡ് ഡി.എൽ.എസ്.എ സെക്രട്ടറി പ്രമോദ് മുരളി വിജയാമൃതം അവാർഡ് ജേതാവായ ഭിന്നശേഷി വിദ്യാർഥി സുബിൻ വർഗീസിന് അവാർഡ് കൈമാറി. 'ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണ നിയമം' എന്ന വിഷയത്തിൽ റിട്ട. ജഡ്ജും മുൻ ഭിന്നശേഷി കമ്മീഷണറുമായ എസ്. എച്ച് പഞ്ചാപകേശൻ ബോധവത്ക്കരണ ക്ലാസ്സ് നയിച്ചു. ജില്ലാ സാമൂഹ്യനീതി ഓഫീസ് സീനിയർ സൂപ്ര് എം. വി സ്മിത, കുടുംബശ്രീ ജില്ലാ മിഷൻ ഡി.പി.എം മോൾജി ഖാലിദ്, ആർ. പി. ഡബ്ല്യു.ഡി ജില്ലാതല കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. ജില്ലയിലെ വിവിധ സ്പെഷ്യൽ സ്കൂളുകൾ, ബിആർസി സൈക്കോ സോഷ്യൽ റിഹാബിലിറ്റേഷൻ സെന്ററിലെ താമസക്കാർ, ഭിന്നശേഷി സംഘടന അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ കലാപരിപാടികളും അവതരിപ്പിച്ചു.

# കൊച്ചി ബിനാലെ: സ്കൂളുകളിൽ 'ആർട്ട് റൂം' പ്രവർത്തനങ്ങൾ സജീവം



**കൊച്ചി:** കൊച്ചിമുസിരിസ് ബിനാലെയുടെ ആറാം പതിപ്പിന് മുന്നോടിയായി കൊച്ചി ബിനാലെ ഫൗഷേൻ സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്തി വരുന്ന 'ആർട്ട് റൂം' പദ്ധതി ശ്രദ്ധ നേടുന്നു. കുട്ടികളിൽ സമകാലീന കലയോടുള്ള സർഗാത്മകത വളർത്തുക എന്ന ലക്ഷ്യത്തോടെ ആറ് സ്കൂളുകളിലും ഫോർട്ട് കൊച്ചി വാട്ടർ മെട്രോ സ്റ്റേഷൻ, മട്ടാഞ്ചേരിയിലെ ബാസ്റ്റിൻ ബംഗ്ലാവ് എന്നീ വേദികളിലുമായാണ് പരിപാടി നടക്കുന്നത്. കുട്ടികളെ കലാകാരന്മാരാക്കി മാറ്റുക എന്നതിലുപരിയായി അവർക്ക് സ്വതന്ത്രമായ സർഗാത്മക അന്തരീക്ഷം ഒരുക്കുകയാണ് ആർട്ട് റൂം പദ്ധതിയുടെ ലക്ഷ്യമെന്ന് എബിസി (ആർട്ട് ബൈ ചിൽഡ്രൻ) പ്രോഗ്രാം മേധാവി ബ്ലെയ്സ് ജോസഫ് പറഞ്ഞു. ഓരോ സ്കൂളിലും വിഷൽ ആർട്ടിസ്റ്റും തിയറ്റർ ആർട്ടിസ്റ്റും അടങ്ങുന്ന അധ്യാപകരാണ് പരിശീലനത്തിന് നേതൃത്വം നൽകുന്നത്.

താളവാദ്യങ്ങൾ, ചിത്രരചന, മത്സരസ്വഭാവമില്ലാത്ത കളികൾ, ആക്ഷൻ സോങ്ങുകൾ എന്നിവ ഉൾപ്പെടുത്തി ആഴ്ചയിൽ ര് ദിവസമാണ് ക്ലാസുകൾ. മട്ടാഞ്ചേരി ജിഎച്ച്എസ്എൽപി സ്കൂൾ ഉൾപ്പെടെയുള്ള കേന്ദ്രങ്ങളിൽ കുട്ടികൾക്കായി പാഠ്യേതര വിഷയങ്ങളിൽ ഊന്നിയുള്ള പരിശീലനമാണ് നൽകുന്നത്. സ്കൂളുകളിലെയും രണ്ട് ബിനാലെ വേദികളിലെയും പ്രദർശനങ്ങളോടെ പദ്ധതി സമാപിക്കും. പഠനം രസകരമാക്കാനും കുട്ടികളിൽ സാമൂഹിക ബോധം വളർത്താനും പദ്ധതി സഹായിക്കുന്നുന്നെ് മട്ടാഞ്ചേരി ജിഎച്ച്എസ്എൽപിഎസ് പ്രധാനാധ്യാപിക സുനിത സി.ആർ പറഞ്ഞു.

2018ൽ ആരംഭിച്ച ആർട്ട് റൂം പദ്ധതി കുട്ടികളുടെ നൈപുണ്യം, കൗതുകം, ശ്രദ്ധ, കേൾവി ശക്തി എന്നിവ മെച്ചപ്പെടുത്താൻ സഹായിക്കുന്നതായി എബിസി പ്രോഗ്രാം അസോസിയേറ്റ് നീതു കെ.എസ്, ഫെസിലിറ്റേറ്റർമാരായ ജിജി അജിത്, സാൽവിൻ ഫ്രാൻസിസ് എന്നിവർ ചൂിക്കാട്ടി. വിവിധ പശ്ചാത്തലങ്ങളിൽ നിന്നുള്ള കുട്ടികളെയും അധ്യാപകരെയും രക്ഷിതാക്കളെയും ഉൾക്കൊള്ളിച്ചാണ് പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പശ്ചിമ കൊച്ചിയിലെ സ്കൂളുകൾക്ക് പുറമെ ആലപ്പുഴ കലവൂർ, ചാലക്കുടി വിജയരാഘവപുരം, മോഡൽ റസിഡൻഷ്യൽ സ്കൂൾ, നായരങ്ങാടി, ചാലക്കുടി എന്നിവിടങ്ങളിലും ആർട്ട് റൂം പ്രവർത്തിക്കുന്നു്.

# ഇൻഡസ് ആപ്പ്സ്റ്റോറും മോട്ടോറോളയും സഹകരണം പ്രഖ്യാപിച്ചു

**കൊച്ചി:** ഇന്ത്യയുടെ തദ്ദേശീയ ആൻഡ്രോയിഡ് ആപ്പ് മാർക്കറ്റ്പ്ലേസായ ഇൻഡസ് ആപ്പ്സ്റ്റോർ  മോട്ടോറോളയുമായി കൈക്കോർത്തു. പങ്കാളിത്തത്തിലൂടെ ഇന്ത്യയിലെ മോട്ടോറോള ഉപകരണങ്ങളിൽ ഇൻഡസ് ആപ്പ്സ്റ്റോർ ലഭ്യമാകും. ഇത് ഇൻഡസ് ആപ്പ്സ്റ്റോറിന് വിപുലമായ പ്രചാരം നൽകുന്നതോടൊപ്പം, ഇന്ത്യയിലെ മോട്ടോറോള ഉപയോക്താക്കളുടെ താൽപ്പര്യങ്ങൾക്കനുസരിച്ചുള്ള ആപ്പുകൾ കണ്ടെത്താനും ഇത് സഹായിക്കുന്നുവെന്ന് കമ്പനി അധികൃതർ അറിയിച്ചു. ആപ്പുകളുടെ ലോകത്ത് ഇന്ത്യൻ ഉപഭോക്താക്കൾക്ക് മികച്ചൊരു ബദലാണ് ഇൻഡസ് ആപ്പ്സ്റ്റോർ.

ഉപയോക്താക്കളുടെ മുൻഗണനകളും നമ്മുടെ രാജ്യത്തിന്റെ വൈവിധ്യമാർന്ന സാംസ്കാരിക പശ്ചാത്തലവും കണക്കിലെടുത്താണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്. എല്ലാ ഇന്ത്യൻ സ്മാർട്ട്ഫോൺ ഉപയോക്താക്കളിലേക്കും എത്തുക എന്ന ലക്ഷ്യത്തോടെ, 12 ഇന്ത്യൻ ഭാഷകളിലും ഇംഗ്ലീഷിലും ഈ ആപ്പ്സ്റ്റോർ ലഭ്യമാണ്. പ്രാദേശിക ഭാഷകളിൽ ടൈപ്പ് ചെയ്യാൻ ബുദ്ധിമുട്ടുള്ളവർക്കായി, ടൈപ്പ് ചെയ്യാതെ തന്നെ കാര്യങ്ങൾ തിരയാൻ സഹായിക്കുന്ന അക അധിഷ്ഠിത വോയിസ് സെർച്ച് സൗകര്യവും ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ, ആപ്പുകൾ ഡൗൺലോഡ് ചെയ്യുന്നതിന് മുമ്പ് അവയുടെ പ്രവർത്തനരീതി കണ്ടറിയാൻ സഹായിക്കുന്ന വീഡിയോ പ്രിവ്യൂ ഫീച്ചറും ഇതിൽ ലഭ്യമാണെന്നും കമ്പനി അധികൃതർ അറിയിച്ചു.

# കൊച്ചി വിമാനത്താവളത്തിൽ ഇനി എയർ ഇന്ത്യ സാറ്റ്സിന്റെ അത്യാധുനിക ഗ്രൗണ്ട്  ഹാൻഡ്ലിംഗ് സേവനം



**കൊച്ചി:** കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ പൂർണ്ണമായ ഗ്രൗണ്ട് ഹാൻഡ്ലിംഗ് പ്രവർത്തനങ്ങൾക്ക് തുടക്കമിട്ട് എയർ ഇന്ത്യ സാറ്റ്സ് എയർപോർട്ട് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് (എഐസാറ്റ്സ്) . എഐസാറ്റ്സിന്റെ സേവനം ലഭ്യമായ കേരളത്തിലെ രണ്ടാമത്തെയും ഇന്ത്യയിലെ എട്ടാമത്തെയും വിമാനത്താവളമായ കൊച്ചിയിൽ പ്രാരംഭ ഘട്ടത്തിൽ എഐസാറ്റ്സ് പരിശീലനം സിദ്ധിച്ച 150 ജീവനക്കാരെ വിന്യസിച്ചിട്ടുണ്ട്. യാത്രക്കാരുടെ തിരക്ക് വർദ്ധിക്കുന്നതിനനുസരിച്ച് ജീവനക്കാരുടെ എണ്ണം വർധിപ്പിക്കും. ഇതോടെ ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട വ്യോമയാന കേന്ദ്രങ്ങളിലൊന്നിൽ ഭാവി സജ്ജമായ സാങ്കേതിക വിദ്യ, അന്താരാഷ്ട്ര നിലവാരത്തിലുള്ള സുരക്ഷ സംവിധാനങ്ങൾ, സുസ്ഥിര ഗ്രൗണ്ട് ഹാൻഡ്ലിംഗ് സംവിധാനങ്ങൾ എന്നിവ ലഭ്യമാക്കുകയാണ് എയർ ഇന്ത്യ സാറ്റ്സെന്ന്് സിഇഒ രാമനാഥൻ രാജാമണി പറഞ്ഞു.

ബാത്തിക് എയർ, തായ് ലയൺ എയർ എന്നിവയിൽ തുടങ്ങി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം വഴി സർവ്വീസ് നടത്തുന്ന മുഴുവൻ ആഭ്യന്തരഅന്താരാഷ്ട്ര വിമാന കമ്പനികൾക്കും സേവനം നൽകുന്നതിനായുള്ള പ്രവർത്തനത്തിനാണ് എയർ ഇന്ത്യ സാറ്റ്സ് തുടക്കമിടുന്നത്. നൂതന സാങ്കേതികവിദ്യകളും ആഗോള നിലവാരത്തിലുള്ള സുരക്ഷാ മാനദണ്ഡങ്ങളും പരിസ്ഥിതി സൗഹൃദ ഗ്രൗണ്ട് ഹാൻഡ്ലിംഗ് സംവിധാനങ്ങളും ഉപയോഗിച്ച് ആഗോള നിലവാരത്തിലുള്ള മികച്ച സേവനം നൽകും. 28ലധികം എയർലൈനുകൾ വന്നുപോകുന്ന കൊച്ചി വിമാനത്താവളത്തിൽ 60,000 ടണ്ണിലധികം കാർഗോയും ഒരു കോടിയിലധികം യാത്രക്കാരുമാണ് 2024 സാമ്പത്തിക വർഷം എത്തിയത്. കാര്യക്ഷമവും സാങ്കേതിക വിദ്യയിൽ അധിഷ്ഠിതവും സുരക്ഷയെ മുൻനിർത്തിയുമുള്ള ആവശ്യങ്ങൾ ഇവിടെ വർധിച്ചു വരികയാണ്. എഐസാറ്റ്സിന്റെ വരവോടെ പുതു തലമുറ സേവന പ്ലാറ്റ്ഫോമുകൾ, ഓട്ടോമാറ്റിക് വർക്ക് ഫോഴ്സ് മാനേജ്മെൻറ് ടൂളുകൾ, എൻഡ് ടു എൻഡ് ബാഗേജ് ട്രാക്കിംഗ് സാങ്കേതിക വിദ്യകൾ എന്നിവ യാത്രക്കാർക്ക് ലഭ്യമാകും.

കൊച്ചിയെ കേന്ദ്രീകരിച്ച് കേരളത്തിൽ നിന്നും ആഭ്യന്തര അന്താരാഷ്ട്ര ഇടങ്ങളിലേക്ക്, പ്രത്യേകിച്ച് ഗൾഫ്, തെക്ക് കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലേക്കുള്ള യാത്രക്കാരുടെയും കാർഗോയുടേയും വളർച്ച ശക്തമാവുകയാണ്. കൊച്ചിയിൽ പ്രവർത്തനം ആരംഭിക്കുന്നതോടെ ലോകോത്തര സുരക്ഷ, സാങ്കേതികവിദ്യ, സേവന മികവ് തുടങ്ങിയവ കൊണ്ടുവരാനും പ്രാദേശിക തൊഴിലാളികൾക്ക് തൊഴിലും നൈപുണ്യ വികസനത്തിനുള്ള അവസരങ്ങളും സൃഷ്ടിക്കാൻ സാധിക്കും. സിയാലുമായി ചേർന്ന് ഭാവിയെ മുന്നിൽകണ്ടുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കാനും എയർലൈനുകൾക്കും യാത്രക്കാർക്കും ഒരേപോലെ മികച്ച അനുഭവം നൽകാനുമാണ് തങ്ങൾ ശ്രമിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

യാത്രക്കാർക്ക് മികച്ച രീതിയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സേവനങ്ങൾ നൽകുക എന്നതാണ് സിയാലിന്റെ പ്രവർത്തന ലക്ഷ്യമെന്ന് കൊച്ചിൻ ഇൻറർനാഷണൽ എയർപ്പോർട്ട് മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് പറഞ്ഞു. മികച്ച പ്രവർത്തന പാരമ്പര്യമുള്ള എയർ ഇന്ത്യ സാറ്റ്സുമായുള്ള സഹകരണത്തിലൂടെ തങ്ങളുടെ പ്രവർത്തന മികവിനെ കൂടുതൽ ശക്തിപ്പെടുത്താൻ സാധിക്കും. ഈ സഹകരണം കേരളത്തിലെ വ്യോമ ഗതാഗത മേഖലയുടെ വളർച്ചക്ക് ഊർജം നൽകുകയും പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. കൂടാതെ സിയാലിനെ ഇന്ത്യയിലെ ഏറ്റവും കാര്യക്ഷമവും യാത്രാസൗഹൃദവുമായ വിമാനത്താവളങ്ങളിൽ ഒന്നായി നിലനിർത്തുകയും ചെയ്യുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# 'യൂണിഫോം റെവല്യൂഷനറി പേഴ്സൺ' അവാർഡ് എം ബി രഘുനാഥിന്

**കൊച്ചി:** മഫത്‌ലാൽ ഇൻഡസ്ട്രീസ് സി.ഇ.ഒ എം. ബി രഘുനാഥിന് ഇന്ത്യയിലെ യൂണിഫോം ഗാർമെന്റ് മേഖലയിലെ വളർച്ചക്കും മാറ്റത്തിനുമുള്ള അതുല്യ സംഭാവനയെ മാനിച്ച് രാജ്യത്തെ ആദ്യ 'യൂണിഫോം റെവല്യൂഷനറി പേഴ്സൺ ഓഫ് ഇന്ത്യ' അവാർഡ് നൽകി. മുംബൈയിലെ ഗോറേഗാവിലെ എക്സിബിഷൻ സെന്ററിൽ നടന്ന പ്രത്യേക ചടങ്ങിൽ മുൻ വസ്ത്രവ്യവസായ മന്ത്രി സുഭാഷ് ദേശ്മുഖ് അവാർഡ് സമ്മാനിച്ചു.



രഘുനാഥിന്റെ ദീർഘദർശനവും നേതൃത്വത്തിന്റെയും ഫലമായാണ് സോളാപൂർ യൂണിഫോം ഗാർമെന്റ് എക്സിബിഷൻ രൂപകൽപ്പന ചെയ്ത് വിജയകരമായി സംഘടിപ്പിക്കപ്പെട്ടതെന്നും സംരംഭകരും നിർമ്മാതാക്കളും വ്യവസായ പങ്കാളികളും ഒത്തുചേരുന്ന ദേശീയ വേദിയായി ഇത് മാറിയതായി സോളാപൂർ ഗാർമെന്റ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ പ്രസിഡന്റ് സതീഷ് പവാർ അറിയിച്ചു. കഴിഞ്ഞ ഒൻപത് വർഷങ്ങളിലായി ഈ സംരംഭം യൂണിഫോം ഗാർമെന്റ് വ്യവസായത്തിന്റെ പരിസ്ഥിതിയെ ശക്തിപ്പെടുത്തുന്നതിൽ രഘുനാഥ് നിർണായക പങ്കുവഹിച്ചു.

അദ്ദേഹത്തിന്റെ മാർഗനിർദ്ദേശങ്ങളും വ്യവസായത്തെ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങളും രാജ്യത്ത് ആയിരത്തിലധികം സംരംഭകരെ വളർത്തുകയും ഏകദേശം 20,000 തൊഴിൽ അവസരങ്ങൾ യൂണിഫോം ഗാർമെന്റ് മേഖലയിലെ തനതു വളർച്ചയുടെ ഭാഗമാക്കുകയും ചെയ്തു. രഘുനാഥിന്റെ പ്രവർത്തനങ്ങൾ രാജ്യവ്യാപകമായി ഗാർമെന്റ് നിർമ്മാതാക്കളുടെ ബിസിനസ് കഴിവുകളും ഉപഭോക്തൃ ബന്ധവും വിപുലീകരണ സാധ്യതകളും ഗണ്യമായി ഉയർത്താൻ സഹായിച്ചു.

ഇരുപത് വർഷത്തിലധികം യൂണിഫോം മേഖലയിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹത്തിന്റെ സംഭാവനകൾ സ്കൂൾ യൂണിഫോമുകളുടെ വിപണി വികസിപ്പിക്കുകയും ആശുപത്രികൾ, ബാങ്കുകൾ, കോർപ്പറേറ്റ് സ്ഥാപനങ്ങൾ, വിവിധ സേവനമേഖലകൾ എന്നിവയ്ക്ക് പുതിയ ഡിസൈൻ, ട്രെൻഡുകൾ എന്നിവ നൽകിയതായും സതീഷ് പവാർ പറഞ്ഞു.

# സംസ്കൃത സർവ്വകലാശാല : ഇന്റർ സെന്റർ ചാമ്പ്യൻഷിപ്പ്15ന് തുടങ്ങും

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ഇന്റർ സെന്റർ ചാമ്പ്യൻഷിപ്പ് ഡിസംബർ 15, 16 തീയതികളിൽ നടക്കും. ഫുട്ബോൾ, ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പുകളാണ് സംഘടിപ്പിക്കുന്നത്. പങ്കെടുക്കുന്ന ടീമുകൾ അവരുടെ പങ്കാളിത്തം മുൻകൂട്ടി അറിയിക്കണം. മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന താരങ്ങളെ സൗത്ത് സോൺ ഇന്റർ യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിനായി പരിഗണിക്കുമെന്ന് സർവ്വകലാശാല അധികൃതർ അറിയിച്ചു അറിയിച്ചു.

# കേരള ജെം ആന്റ് ജ്വല്ലറി ഷോ അഞ്ച് മുതൽ; ഒരുക്കങ്ങൾ പൂർത്തിയായി

**കൊച്ചി:** 18ാമത് കേരള ജെം ആന്റ് ജ്വല്ലറി ഷോ (KGJS EXPO 2025) ഡിസംബർ 5 മുതൽ 7 വരെ അങ്കമാലിയിലെ അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ നടക്കുമെന്ന് സംഘാടക സമിതി ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സംസ്ഥാനത്തെ ഏറ്റവും വലിയ ബിടുബി ജ്വല്ലറി പ്രദർശനം ദക്ഷിണേന്ത്യയിൽ തന്നെ സുപ്രധാന ആഭരണ വ്യവസായ മേളയാണ്. മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സ് ചെയർമാൻ എം.പി അഹമ്മദ്, കല്യാൺ ഗോൾഡ് ആന്റ് ഡയമണ്ട്സ് മാനേജിംഗ് ഡയറക്ടർ ടി.എസ് കല്യാണരാമൻ എന്നിവർ ഡിസംബർ അഞ്ചിന് കേരള ജെം ആന്റ് ജ്വല്ലറി ഷോ ഉദ്ഘാടനം ചെയ്യും. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 183 പ്രദർശകരാണ് സ്വർണം, പ്ലാറ്റിനം, ഡയമണ്ട്, സിൽവർ ആഭരണങ്ങളുടെ മനോഹര ശേഖരങ്ങളുമായി മേളയിൽ പങ്കെടുക്കുന്നത്.

ആഭരണ നിർമ്മാണത്തിലെ വിവിധ സംസ്ഥാനങ്ങളുടെ കലാപാരമ്പര്യം, സാങ്കേതിക വിദ്യാ നവീകരണം എന്നിവ അറിയാനും പങ്കുവെക്കാനുമുള്ള സമഗ്ര വേദിയാണ് എക്സ്പോ. ഏറ്റവും പുതിയ യന്ത്രോപകരണങ്ങൾ, സാങ്കേതിക ഉപകരണങ്ങൾ, സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് സിസ്റ്റങ്ങൾ എന്നിവയും പ്രദർശനത്തിനെത്തും. ആഭരണ നിർമാതാക്കൾ, ഹോൾസെയിലർമാർ, റീട്ടെയ്ലർമാർ, ഡിസൈനർമാർ, ആർട്ടിസൻമാർ, യന്ത്രോപകരണ വിതരണക്കാർ, സാങ്കേതിക സേവന ദാതാക്കൾ എന്നിവയെ ഒരുമിപ്പിക്കുന്ന ശക്തമായ ബിസിനസ് നെറ്റ്‌വർക്ക് വേദിയാണെന്ന് കെ.ജി. ജെ.എസ് എന്ന് എക്സ്പോ മാനേജിംഗ് ഡയറക്ടർ പി. വി ജോസ് പറഞ്ഞു.

ഈ വർഷം 5000ത്തിലധികം റീട്ടെയിൽ ജ്വല്ലറി വ്യാപാരികളും പ്രൊഫഷണലുകളും സമ്മേളനത്തിനെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളം, തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ്, തെലങ്കാന, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള പ്രമുഖ വ്യാപാരികൾക്കൊപ്പം, യുഎഇ, സൗദി അറേബ്യ, ബഹ്റൈൻ, കുവൈത്ത്, ഖത്തർ, ഒമാൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള വ്യാപാരികളും മറ്റു പ്രതിനിധികളും പ്രദർശന നഗരിയിലെത്തും. പാരമ്പര്യ ഇന്ത്യൻ ആഭരണകലയുടെ മികവും ആഭരണ നിർമാണ, റീട്ടെയിൽ രംഗത്ത് വരുന്ന ഏറ്റവും പുതിയ സാങ്കേതിക മുന്നേറ്റങ്ങളും ഒരുമിച്ച് അവതരിപ്പിക്കാനാണ് ഈ എഡിഷന്റെ ലക്ഷ്യമെന്നും പി. വി. ജോസ് പറഞ്ഞു.



ഡിസംബർ 6നു വൈകുന്നേരം ആഭരണ വ്യവസായ രംഗത്ത് മികവ് തെളിയിച്ച വ്യക്തികളെയും സ്ഥാപനങ്ങളെയും ആദരിക്കുന്ന അവാർഡ് നൈറ്റ് നടക്കുമെന്ന് ഡയറക്ടർ സുമേഷ് വധേര അറിയിച്ചു. ബിടുബി ഇവന്റ് ആയതിനാൽ അംഗീകൃത വ്യാപാരികൾക്കും, ആർട്ടിസൻസിനും, പ്രതിനിധികൾക്കും മാത്രമേ പ്രവേശനം അനുവദിക്കൂ. 16 വയസ്സിന് താഴെയുള്ളവർക്ക് പ്രവേശനം ലഭിക്കില്ല. പ്രോഗ്രാം ഡയറക്ടർ മിൽട്ടൺ ജോസ്, ചീഫ് പ്രോഗ്രാം ഓഫീസർ ബി.എൽ ആന്റണി എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയുമായി ധാരണപത്രം ഒപ്പിട്ട് ഫിൻ എക്സ് ഇൻസ്റ്റിറ്റ്യൂട്ട്

**കൊച്ചി:** മുബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ധനകാര്യ വിദ്യാഭ്യാസ സ്ഥാപനമായി ഫിൻ എക്സ് ഇൻസ്റ്റ്യൂട്ടുമായി സഹകരികരിച്ച് പ്രവർത്തിക്കാൻ ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല ധാരണപത്രം ഒപ്പിട്ടു. ക്യാപിറ്റൽ മാർക്കറ്റ് പ്രൊഫഷണലുകളെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇരുവരും ധാരണയിൽ എത്തിയത്. എറണാകുളം വാരിയം റോഡിലെ പ്രഞ്ജാ പ്രതിഷ്ഠാനിൽ നടന്ന ചടങ്ങിൽ ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല ആക്ടിങ് വൈസ് ചാൻസിലർ പ്രൊഫ.ടി.അശോകന്റെ സാന്നിധ്യത്തിൽ സർവകലാശാല ആക്ടിങ് റജിസ്ട്രാർ ഡോ.പി.രാജേന്ദ്രനും, ഫിൻ എക്സ് ഇൻസ്റ്റിറ്റ്യൂട്ട് വൈസ് പ്രസിഡന്റ് അരവിന്ദ് കുമാർ പൊട്ടവും തമ്മിലാണ് ധാരാണപത്രം ഒപ്പിട്ടത്.

ഇതിന്റെ അടിസ്ഥാനത്തിൽ അടുത്ത അധ്യാനവർഷം ക്യാപിറ്റൽ മാർക്കറ്റ് മുഖ്യപഠ്യവിഷയമായുള്ള ബി.കോമിന് സർവകലാശാല തുടക്കമിടും. ദേശീയ വിദ്യാഭ്യാസ നയം അനുസരിച്ചായിരിക്കും പഠ്യപദ്ധതി ഉൾപ്പെടെ തയ്യാറാക്കുക. സർവകലാശാല ഡെപ്യൂട്ടി ഡീൻ അക്കാദമിക്സ് പ്രൊഫ. മഞ്ജുള ആർ. അയ്യർ, അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ. രഞ്ജു ചന്ദ്രൻ, ഡോ.കെ. എസ് രാഖി, ഫിൻ എക്സ് ഇൻസ്റ്റിറ്റ്യൂട്ട് കേരള റീജണൽ ഹെഡ് സ്വരൂപ് മേനോൻതുടങ്ങിയവർ പങ്കെടുത്തു.



ധനകാര്യമേഖലയിലെ കൂടുതൽ തൊഴിൽ അവസരങ്ങളിലേയ്ക്ക് വിദ്യാർഥികളെ പ്രാപ്തരാക്കുകയാണ് പുതിയ ചുവട്‌വയ്പ്പിലൂടെ ലക്ഷ്യമിടുന്നതെന്ന് സർവകലാശാല ആക്ടിങ് വൈസ് ചാൻസിലർ പ്രൊഫ.ടി.അശോകൻ പറഞ്ഞു.

# ലുലു നിവ്യാ ബ്യൂട്ടിക്വീൻ കിരീടം പൗർണമി മുരളിയ്ക്ക്

**കൊച്ചി**: സൗന്ദര്യ സങ്കൽപ്പങ്ങളുടെ പുതിയ കാഴ്ചകൾ കൊച്ചിക്ക് സമ്മാനിച്ച ലുലു ബ്യൂട്ടി ഫെസ്റ്റിൽ ലുലു നിവ്യാ ബ്യൂട്ടി ക്വീൻ കിരീടം ചൂടി കൊച്ചി സ്വദേശി പൗർണമി മുരളി. ലുലു പാരീസ് കോർണർ മാൻ ഓഫ് ദി ഇയറായി കണ്ണൂർ സ്വദേശി ജിബിൻ വർഗീസിനെയും തിരഞ്ഞെടുത്തു.

സ്ത്രീകളുടെ വിഭാഗത്തിൽ നിഥിക സോനു ഫസ്റ്റ് റണ്ണറപ്പും, റിഥിക രാഘവ് സെക്കന്റ് റണ്ണറപ്പുമായി. പുരുഷ വിഭാഗത്തിൽ നന്ദ സോനു കൃഷ്ണൻ ഫസ്റ്റ് റണ്ണറപ്പും വി.വി ശ്രീഹരി സെക്കന്റ് റണ്ണറപ്പുമായി തിരഞ്ഞെടുത്തു. ബ്യൂട്ടി ക്വീൻ, മാൻ ഓഫ് ദി ഇയർ വിജയികൾക്ക് നാല് ലക്ഷം രൂപയുടെ ക്യാഷ് അവാർഡും ഫലകവും സമ്മാനിച്ചു. വിവിധ ഘട്ടങ്ങളിലായി നടത്തിയ സെലക്ഷനിലൂടെ എത്തിയ 30 മത്സരാർത്ഥികളാണ് അവസാന റൗണ്ടിൽ മാറ്റുരച്ചത്. മേക്കോവർ, റാംപ് വാക്ക് റൗണ്ടുകളിൽ വിജയിച്ച അഞ്ച് പേർ വീതം പങ്കെടുത്ത ചോദ്യോത്തര സെഷനിൽ നിന്ന് ബ്യൂട്ടി ക്വീനിനെയും മാൻ ഓഫ് ദ ഇയറിനെയും തെരഞ്ഞെടുക്കുകയായിരുന്നു.



ഫിയാമ എൻഗേജ് അവതരിപ്പിക്കുന്ന ലുലു ബ്യൂട്ടി ഫെസ്റ്റിന്റെ പവേർഡ് ബൈ പാർട്ട്ണർ വിവൽ, യാർഡ്‌ലി എന്നീ ബ്രാൻഡുകളായിരുന്നു. ലുലു പാരീസ് കോർണർ മാൻ ഓഫ് ദി ഇയർ മത്സരങ്ങളിലായി 20 മെയിൽ 20 ഫീമെയിൽ എന്നിങ്ങനെയായിരുന്നു തിരഞ്ഞെടുപ്പ്. റാംപ് വാൽക്ക് ഉൾപ്പടെ വിവിധ ഘട്ടങ്ങളിലായി നടത്തിയ മത്സരത്തിനൊടുവിലാണ് വിജയികളെ പ്രഖ്യാപിച്ചത്.

മിസ് സൗത്ത് ഇന്ത്യയായ ലിസ് ജയ്മോൻ ജേക്കപ്പ്, നടിയും 2015ലെ മിസ് ഇന്ത്യയുമായ അയിലീന അയിമൺ, മോഡലും മിസ് ഗ്ലാം യൂണിവേഴ്സുമായ നേഹാ ബാൽക്വിസ് എന്നിവരായിരുന്നു വിധികർത്താക്കൾ. ബ്യൂട്ടി ഫെസ്റ്റിന്റെ ഭാഗമായി ബ്യൂട്ടി പ്രൊഡക്റ്റുകൾക്ക് ഏർപ്പെടുത്തിയ 50 ശതമാനം വരെയുള്ള ഓഫർ വിൽപ്പന സമാപന ദിവസമായ ഡിസംബർ ഏഴ് വരെ തുടരും.

# ഫാഷൻ ഫാക്ടറി 'ഫ്രീ ഷോപ്പിംഗ് വീക്ക്' ഡിസംബർ 7 വരെ




**മുംബൈ/കൊച്ചി:** റിലയൻസ് റീട്ടെയിലിന് കീഴിലുള്ള പ്രമുഖ ഫാഷൻ ഡിസ്കൗ ശൃംഖലയായ ഫാഷൻ ഫാക്ടറി, ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച ഫാഷൻ അനുഭവത്തിനൊപ്പം സമാനതകളില്ലാത്ത സാമ്പത്തിക ലാഭവും ഒരുക്കുന്ന 'ഫ്രീ ഷോപ്പിംഗ് വീക്ക്' പ്രഖ്യാപിച്ചു. ഡിസംബർ 3 മുതൽ ഡിസംബർ 7 വരെ നടക്കുന്ന മെഗാ ഷോപ്പിംഗ് ഇവന്റിലൂടെ, ഉപഭോക്താക്കൾക്ക് 5000 രൂപ വില വരുന്ന വസ്ത്രങ്ങൾ യാതൊരു ചെലവുമില്ലാതെ സ്വന്തമാക്കാനുള്ള സുവർണ്ണാവസരമാണ് ഒരുങ്ങുന്നതെന്ന് അധികൃതർ വ്യക്തമാക്കി. 5000 രൂപയുടെ (എംആർപി) മൂല്യമുള്ള വസ്ത്രങ്ങൾ തിരഞ്ഞെടുക്കുകയാണ് ഓഫർ ലഭ്യമാകാനുള്ള ആദ്യഘട്ടം.

എന്നാൽ ഇതിന് 2000 രൂപ മാത്രം ബിൽ അടച്ചാൽ മതി. ഈ 2000 രൂപ ഉപഭോക്താവിന് തിരികെ ലഭിക്കുകയും ചെയ്യും. പർച്ചേസിനൊപ്പം 1000 രൂപ വിലയുള്ള ഉറപ്പായ സൗജന്യം കമ്പനി വാഗ്ദാനം ചെയ്യുന്നു. ഇതോടൊപ്പം പിന്നീട് ഉപയോഗിക്കാവുന്ന 1000 രൂപയുടെ മൂല്യമുള്ള ഗിഫ്റ്റ് വൗച്ചറും ലഭിക്കും. ഫലത്തിൽ ഉപഭോക്താവിന് 5000 രൂപയുടെ വസ്ത്രങ്ങൾ സൗജന്യമായി സ്വന്തമാക്കുന്ന അനുഭവമാണുാകുന്നത്. ഇതൊരു 'സീറോനെറ്റ്സ്പെൻഡ്' ഷോപ്പിംഗ് അനുഭവമാണ് പ്രദാനം ചെയ്യുന്നത്. ഈ ആനുകൂല്യം കേവലം ഒരു വിൽപ്പന മേളയുടെ ഭാഗമായല്ല, മറിച്ച് വർഷാവസാന ഷോപ്പിംഗ് സീസണിൽ എല്ലാ ഉപഭോക്താക്കൾക്കും ബ്രാൻഡഡ് സ്റ്റൈലുകൾ ബജറ്റിനിണങ്ങുന്ന രീതിയിൽ ലഭ്യമാക്കുക എന്ന ഫാഷൻ ഫാക്ടറിയുടെ ലക്ഷ്യത്തിന്റെ ഭാഗമാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# അഞ്ച് ലക്ഷം കാറുകൾ വിറ്റഴിച്ച് സ്കോഡ ഓട്ടോ ഇന്ത്യ



**കൊച്ചി:** ഇന്ത്യയിൽ അഞ്ച് ലക്ഷം കാറുകൾ വിറ്റഴിച്ച് സ്കോഡ ഓട്ടോ ഇന്ത്യ. ഇന്ത്യയിൽ 25ാം വാർഷികത്തിലെത്തി നിൽക്കുന്ന കമ്പനി, നവംബർ മാസം മാത്രം 5,491 വാഹനങ്ങൾ വിറ്റുകൊ്, കഴിഞ്ഞ വർഷത്തേക്കാൾ 90 ശതമാനം വാർഷിക വളർച്ചയാണ് കമ്പനി രേഖപ്പെടുത്തിയിരിക്കുന്നത്. 180 നഗരങ്ങളിലായി 320ലധികം കസ്റ്റമർ ടച്ച്പോയിന്റുകൾ വിപുലീകരിക്കാൻ ഒരുങ്ങുകയാണ് സ്കോഡ. കൂടാതെ, വിപുലമായ പ്രോഡക്റ്റ് പോർട്ട്ഫോളിയോ, ഉപഭോക്തൃ കേന്ദ്രീകൃത ഓഫറുകൾ, പാക്കേജുകൾ തുടങ്ങിയവയിലൂടെ ഇതുവരെയുള്ളതിൽ വച്ച് ഏറ്റവും വലിയ വാർഷിക വളർച്ചയിലേക്കുള്ള കുതിപ്പ് നിലനിർത്താൻ ഒരുങ്ങുകയാണ് സ്കോഡ ഓട്ടോ ഇന്ത്യ. ഇന്ത്യയിൽ 25 വർഷം പൂർത്തിയാകുന്ന വേളയിൽ ബ്രാൻഡ് കീഴടക്കിയ നിരവധി നാഴികക്കല്ലുകളിൽ ഒന്നാണ് പുമുതലേ വാഹനപ്രേമികളുടെ ഇഷ്ട മോഡലായ ഒക്ടേവിയ ആർഎസിന്റെ തിരിച്ചുവരവ്. ബുക്കിംഗ് ആരംഭിച്ച് 20 മിനിറ്റിനുള്ളിൽ തന്നെ എല്ലാ കാറുകളും വിറ്റുതീർന്നിരുന്നു. 1.0 ടിഎസ്ഐ, 1.5 ടിഎസ്ഐ മോഡലുകളിലുള്ള സ്ലാവിയയിലൂടെ ഇന്ത്യയിൽ സെഡാൻ പാരമ്പര്യം തുടരുകയാണ് സ്കോഡ ഓട്ടോ ഇന്ത്യ.

# കൊറോണ റെമഡീസ് ലിമിറ്റഡ് ഐപിഒ ഡിസംബർ എട്ട് മുതൽ

**കൊച്ചി:** കൊറോണ റെമഡീസ് ലിമിറ്റഡിന്റെ പ്രാഥമിക പൊതു ഓഹരി വിൽപന (ഐപിഒ) 2025 ഡിസംബർ എട്ട് മുതൽ 10വരെ നടക്കും. പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 655.371 കോടിരൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പത്ത് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 1,008 മുതൽ 1,062 രൂപവരെയാണ് വില നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 14 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 14 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. അർഹരായ ജീവനക്കാർക്കായി മാറ്റിവെച്ചിരിക്കുന്ന വിഭാഗത്തിൽ ഓഹരി ഒന്നിന് 54 രൂപ വീതം ഡിസ്കൗണ്ട് ലഭിക്കും. ഓഹരികൾ എൻ.എസ്.ഇയിലും ബി.എസ്.ഇയിലും ലിസ്റ്റ് ചെയ്യും. ജെ.എം ഫിനാൻഷ്യൽ ലിമിറ്റഡ്, ഐ.ഐ.എഫ്.എൽ ക്യാപിറ്റൽ സർവീസസ് ലിമിറ്റഡ്, കോട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# നാവികസേന ദിനം 2025: സമുദ്രശക്തി ഊട്ടിയുറപ്പിച്ച് ഇന്ത്യൻ നാവിക സേന



**തിരുവനന്തപുരം:** ഇന്ത്യൻ നാവികസേനയുടെ കപ്പൽവ്യൂഹത്തിന്റെയും സന്നാഹങ്ങളുടെയും പ്രവർത്തന മികവ് പ്രകടമാക്കി 'ഓപ്പറേഷണൽ ഡെമോൺസ്ട്രേഷൻ' (ഓപ് ഡെമോ) തിരുവനന്തപുരം ശംഖുമുഖം കടൽത്തീരത്ത് അരങ്ങേറി. രാജ്യത്തിന്റെ ശക്തമായ സമുദ്രശക്തിയും സ്വയംപര്യാപ്തതയും അരക്കിട്ട് ഉറപ്പിച്ച് നടത്തിയ പ്രകടനത്തിൽ നാവികസേനയുടെ കരുത്തുറ്റ യുദ്ധശേഷി, സാങ്കേതിക വൈദഗ്ദ്ധ്യം, പ്രവർത്തന സന്നദ്ധത എന്നിവ ഒരിക്കൽ കൂടി തെളിയിക്കുന്നതായിരുന്നു പ്രകടനം.

രാഷ്ട്രപതിയും സായുധ സേനയുടെ പരമോന്നത കമാൻഡറുമായ ദ്രൗപദി മുർമു സേനയുടെ വിസ്മയകരമായ പ്രകടനത്തിന് സാക്ഷിയായി. നാവികസേനയുടെ മുൻനിര പ്ലാറ്റ്ഫോമുകൾ ഏകോപിപ്പിച്ചുകൊണ്ട് നടത്തിയ പ്രകടനങ്ങൾ, സമുദ്രമേഖലയിലെവിടെയും കൃത്യതയോടെയും ശക്തിയോടെയും പ്രവർത്തിക്കാനുള്ള സേനയുടെ ശേഷി വിളിച്ചോതി. തദ്ദേശീയമായി നിർമ്മിച്ച വിമാനവാഹിനിക്കപ്പലായ ഐഎൻഎസ് വിക്രാന്ത് ഉൾപ്പെടെ ഇരുപതിലധികം കപ്പലുകളും അന്തർവാഹിനികളും, വിമാനങ്ങളുടെയും ഹെലികോപ്റ്ററുകളുടെയും വൻ നിരയും, പ്രത്യേക പരിശീലനം ലഭിച്ച മറൈൻ കമാൻഡോകളും (മാർക്കോസ്) നാവികശക്തിയുടെയും പ്രവർത്തന മികവിന്റെയും അതിശയിപ്പിക്കുന്ന പ്രകടനമാണ് കാഴ്ച വെച്ചത്. സീ കേഡറ്റ് കോർപ്സ് അവതരിപ്പിച്ച ഹോൺപൈപ്പ് നൃത്തം, സാംസ്കാരിക പരിപാടികൾ, നാവിക ഉദ്യോഗസ്ഥർ നടത്തിയ അതിവേഗ പരിശീലനങ്ങളോടു കൂടിയ 'കണ്ടിന്യുവിറ്റി ഡ്രിൽ' എന്നിവയും കാണികളെ ഹരം കൊള്ളിച്ചു.

നാവികസേനാ ബാൻഡിന്റെ 'ബീറ്റിംഗ് റിട്രീറ്റ്' ചടങ്ങോടെയും കപ്പലുകൾ അലങ്കാര ദീപങ്ങളാൽ പ്രകാശമാനമാക്കിയുള്ള പരമ്പരാഗത സൂര്യാസ്തമയ ചടങ്ങുകളോടെയും പരിപാടി സമാപിച്ചു. നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ. ട്രിപാഠി, കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ മറ്റ് കേന്ദ്രസംസ്ഥാന ഉന്നത ഉദ്യോഗസ്ഥർ, സൈനിക പ്രമുഖർ, പ്രദേശവാസികൾ പ്രകടനം വീക്ഷിച്ചു.

# നാട്ടുകാരും മണപ്പുറം ഫിനാൻസും, കൈകോർത്തു; മുകുന്ദേട്ടന് സ്വന്തം വീടായി



**ചേലേമ്പ്ര:** നാട്ടുകാരും, ചേലേമ്പ്ര പാലിയേറ്റീവ് കെയർ സെന്ററും, മണപ്പുറം ഫിനാൻസും കൈകോർത്തപ്പോൾ മുകുന്ദേട്ടന്റെയും കുടുംബത്തിന്റേയും വീട് എന്ന സ്വപ്നം സാക്ഷാത്കരിച്ചു. അസുഖങ്ങൾ ബുദ്ധിമുട്ടിച്ചപ്പോൾ മുകുന്ദേട്ടൻ സഹായകമ്മറ്റിയുടെ നേതൃത്വത്തിൽ നാടും പാലിയേറ്റീവ് കെയർ സെന്ററും മുകുന്ദേട്ടനു വേണ്ടി വീടുണ്ടാക്കാൻ മുന്നിട്ടിറങ്ങുകയായിരുന്നു. നാട്ടുകാരുടെ സഹായത്തോടെ സ്ഥലം ലഭ്യമാക്കിയപ്പോൾ അവിടെ വീടുണ്ടാക്കാനുള്ള ഉത്തരവാദിത്തം മുകുന്ദേട്ടൻ സഹായകമ്മറ്റി ഏറ്റെടുത്തെങ്കിലും മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. ഈ ഘട്ടത്തിലാണ് ലയൺസ് ക്ലബ് ഓഫ് കാലിക്കറ്റ് യൂണിവേഴ്സിറ്റി സഹായഹസ്തവുമായി എത്തിയത്.

ലയൺസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ മണപ്പുറം ഫിനാൻസ് മൂന്നലക്ഷം രൂപ വീടിനായി നൽകി.പണി പൂർത്തിയാക്കി മുകുന്ദേട്ടനും കുടുംബത്തിനും വീട് കൈമാറിയതിന്റെ സന്തോഷത്തിലാണ് ലയൺസ് ക്ലബ് ഓഫ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയും പാലിയേറ്റീവ് കെയർ സെന്ററും. ലയൺസ് ക്ലബ്സ് ഡിസ്ട്രിക്ട് ഗവർണർ ലയൺ പി.എം. ജെ എഫ് അനിൽകുമാറും , വൈസ് ഡിസ്ട്രിക്ട് ഗവർണറും, മണപ്പുറം ഫിനാൻസ് സീനിയർ പി. ആർ. ഒ യുമായ കെ. എം അഷ്റഫും ചേർന്ന് വീടിന്റെ താക്കോൽ കുടുംബത്തിന് കൈമാറി.

മുകുന്ദേട്ടൻ ഗൃഹനിർമ്മാണ സമിതി അംഗങ്ങളായ പി. എം വീരാൻകുട്ടി, എം. രാജൻ , കെ. സി മജീദ്, ആസിഫ്, അബ്ദുൽ ജബ്ബാർ, ഗഫൂർ, ആഷിഖ് , എന്നിവരും ചേലേമ്പ്ര പാലിയേറ്റീവ് കെയർ സെന്റർ ട്രഷററും, കാലിക്കറ്റ് യൂണിവേഴ്സിറ്റി ലയൺസ് ക്ലബ് മുൻ സെക്രട്ടറിയുമായ കെ. ആർ ശ്രീഹരി, കാലിക്കറ്റ് യൂണിവേഴ്സിറ്റി ലയൺസ് ക്ലബ് മുൻ പ്രസിഡന്റ് ആർ. എസ് ബിനോയ്, പ്രസിഡന്റ് ശ്രീജിത്ത് മുല്ലശ്ശേരി, ക്യാബിനറ്റ് സെക്രട്ടറി ലയൺ എം. നാരായണൻ, സോൺ ചെയർപേഴ്സൺ വീരാട് വിജയൻ, എക്സിക്യൂട്ടീവ് അസിസ്റ്റന്റ് ലയൺ ജോർജ്, എന്നിവരും, നാട്ടുകാരും , സന്നിഹിതരായിരുന്നു.

# എ.എൻ.ടി.എച്ച്.ഇ, ഐ.ഒ.ക്യു.എം 2025: വിജയികൾക്ക് ആദരമൊരുക്കി ആകാശ് ഇൻസ്റ്റിറ്റ്യൂട്ട്



**കൊച്ചി:** ആകാശ് നാഷണൽ ടാലന്റ് ഹണ്ട് എക്സാം(എ.എൻ.ടി.എച്ച്.ഇ), ഇന്ത്യൻ ഒളിമ്പ്യാഡ് ക്വാളിഫയർ ഇൻ മാത്തമാറ്റിക്സ് (ഐ.ഒ.ക്യു.എം), എൻ.ഡി.എ, എ.എഫ്.എം.സി എന്നിവയുൾപ്പെടെയുള്ള പ്രധാന ദേശീയ പരീക്ഷകളിൽ മികച്ച വിജയം നേടിയ വിദ്യാർഥികൾക്ക് ആദരമൊരുക്കി ആകാശ് എജ്യുക്കേഷണൽ സർവീസസ് ലിമിറ്റഡ് (എ.ഇ.എസ്.എൽ). 2024ൽ 14.5 ലക്ഷം വിദ്യാർഥികളാണ് പ്രധാന ദേശീയ സ്കോളർഷിപ്പ് പരീക്ഷകളിലൊന്നായ ആകാശ് നാഷണൽ ടാലന്റ് ഹണ്ട് പരീക്ഷയിൽ(എഎൻടിഎച്ച്ഇ) പങ്കെടുത്തതെന്ന് ആകാശ് ഇൻസ്റ്റിറ്റ്യൂട്ട് ചീഫ് അക്കാഡമിക് ആൻഡ് ബിസിനസ് മേധാവി ധീരജ് കുമാർ മിശ്ര പറഞ്ഞു.

ദേശീയ ഗണിത ഒളിമ്പ്യാഡിലേക്കുള്ള പ്രവേശന പരീക്ഷയെന്ന നിലയിൽ 8,129 വിദ്യാർഥികൾ അടുത്ത റൗണ്ടിലേക്ക് (ആർഎംഒ/ഐഎൻഎംഒ) യോഗ്യത നേടി. 17 വിദ്യാർഥികളാണ് ആർ.എം.ഒയ്ക്ക് യോഗ്യത നേടിയത്. രവിപുരം ബ്രാഞ്ചിൽ നിന്നുള്ള സൗമ്യ എ.എഫ്.എം.സി പ്രവേശന പരീക്ഷയിൽ പെൺകുട്ടികളിൽ ഒന്നാം റാങ്ക് നേടി. മഹാദേവ് എൻ.ഡി.എ (നാഷണൽ ഡിഫൻസ് അക്കാദമി) പ്രവേശന പരീക്ഷയിൽ അഞ്ചാം റാങ്ക് നേടി. പാലാരിവട്ടം ബ്രാഞ്ചിൽ നിന്നുള്ള തനായ് എ.എൻ.ടി.എച്ച്.ഇ ടോപ്പറായി തിരഞ്ഞെടുക്കപ്പെട്ടു. കൊച്ചി രവിപുരം ബ്രാഞ്ചിൽ നിന്നുള്ള ഇമ്മാനുവൽ, സി.ബി സെബാസ്റ്റ്യൻ, സൗമിൽ ആനന്ദ്, അനുപം കുമാർ ഭാരതി എന്നിവർ ഐ.ഒ.ക്യു.എമ്മിൽ യോഗ്യത നേടി.

എ.എൻ.ടി.എച്ച്.ഇ,ഐ.ഒ.ക്യുഎം എന്നിവയുടെ ദേശീയ തലം മുതൽ എൻ.ഡി.എ, എ.എഫ്.എം.സി എന്നിവയിലെ വിജയങ്ങൾ വരെയുള്ള ഈ നേട്ടങ്ങൾ തങ്ങളുടെ വിദ്യാർഥികളുടെയും ഫാക്കൽറ്റിയുടെയും സമർപ്പണത്തെ പ്രതിഫലിപ്പിക്കുന്നതായും ധീരജ് കുമാർ മിശ്ര പറഞ്ഞു.

എല്ലാ മത്സരാധിഷ്ഠിത കരിയർ പാതകളിലും വിദ്യാർഥികളെ ശാക്തീകരിക്കുന്നതിനും ദേശീയതലത്തിൽ അവരുടെ പൂർണ്ണ ശേഷി തിരിച്ചറിയുന്നതിനുമുള്ള ആകാശിന്റെ പ്രതിബദ്ധതയാണ് മികച്ച വിജയങ്ങളിൽ പ്രതിഫലിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com